**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1127** **15-10-2026-ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കെ.ആർ.എഫ് .ബി.പ്രവർത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പുതിയ പാലത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; നിർമ്മാണ പ്രവർത്തിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ നൽകാമോ; പ്രവൃത്തി എന്ന് പൂർത്തികരിക്കാൻ സാധിക്കും എന്ന് വ്യകതമാക്കാമോ;

**മറുപടി:** പഴയങ്ങാടി പുതിയ പാലത്തിന്റെ നിർമ്മാണപ്രവൃത്തി നിലവിൽ 68 ശതമാനത്തോളം പുരോഗതി കൈവരിച്ചിട്ടുണ്ട്. നിലവിൽ പൈലുകളുടെയും പൈൽക്യാപ്പുകളുടെയും നിർമ്മാണവും, ചെറുകുന്ന് സൈഡിലെ landspan പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു. പാലത്തിന്റെ Bowstring ഭാഗത്തെ ആഴം കണക്കാക്കുന്നതിനായി Bathymetric Survey നടത്തുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുകയാണ്. പാലത്തിന്റെ നിർമ്മാണം 31-05-2027 ഓടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ മൂലക്കിൽകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ; പാലത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** 10-07-2017 - ലെ സ.ഉ(സാധാ)നം.942/2017/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, LA നടപടികൾക്കായി KIIFB യിൽ നിന്നും 2.41 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കലിനാവശ്യമായ നഷ്ടപരിഹാരതുകയ്ക്കുള്ള അപേക്ഷ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**